(ബി) തിരുവനന്തപുരം—കുമാരി ലില്ലി, ജെ. എസ്. ഫ്ളോറൻസ്.
കൊല്ലം— ശ്രീ. വി.കെ. സുലൈമാൻ.
കോട്ടയം— ശ്രീ. ടി. എം. അബ്ദുൽ റഹീം.
ആലപ്പുഴ—ശ്രീ. കെ. രവീന്ദ്രൻപിള്ള.
എറണാകുളം—ശ്രീ. കെ. ഗോപിനാഥപിള്ള.
തൃശൂർ—കുമാരി പി. മഹിളാമണി.
പാലക്കാട്—ശ്രീ. എം. ഐസക്ക്.
കോഴിക്കോട്—ശ്രീ. പി. എം. മത്തായി.
കണ്ണൂർ—ശ്രീ. കെ. ബാലകൃഷ്ണൻ.
മലപ്പുറം—ശ്രീ. വി. മാധവൻ.

(സി) പരിചയസമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെ സേവനം ഫെബ്രുവരി അവസാനം വരെ നേടി, പിരിവു വർദ്ധിപ്പിക്കുന്നതിനു വേണ്ടി.

ഇൻഫർമേഷനും പബ്ലിസിറ്റിയും സർവ്വീസ്

*34 [120] ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള ഇൻഫർമേഷൻ ആൻറ് പബ്ലിസിറ്റി സർവ്വീസിൻെറ പ്രവർത്തനം കാര്യക്ഷമമാകുന്നില്ലായെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെൻറ് ചെയ്യുന്നകാര്യങ്ങളെ വിശദീകരിക്കുന്ന ലഘുലേഖകൾ മുതലായവ യഥാസമയം വിതരണം ചെയ്യാതെ ഒരുമിച്ച് കെട്ടി അയയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ സത്വര നടപടികൾ എടുക്കുമോ;

(സി) പബ്ലിസിറ്റിക്കുവേണ്ടി മാത്രം ശരാശരി കൊല്ലത്തിൽ എന്തു ചെലവു വരുന്നു എന്നു വ്യക്തമാക്കാമോ?

ധനകാര്യ മന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) ഇൻഫർമേഷൻ ആൻറ് പബ്ലിസിറ്റി സർവ്വീസിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിൻെറ ആവശ്യകത ഇപ്പോഴത്തെ ഗവൺമെൻറിന് ബോദ്ധ്യമായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ അവലംബിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ലഘുലേഖകൾ യഥാസമയം വിതരണം ചെയ്യുന്നുണ്ട്.

(സി) നടപ്പു വർഷത്തിൽ 8,32,000 രൂപാ നോൺപ്ലാൻ ബഡ്ജറിലും, രണ്ടുലക്ഷം രൂപാ പ്ലാൻ ബഡ്ജറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

തിരുമല ദേവസ്വം മെഡിക്കൽ കോളേജ്

* 35 [128] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തിരുമല ദേവസ്വം മെഡിക്കൽ കോളേജിൽ നിന്നും വൻ തുകകൾ ചിലവ്യക്തികൾക്കു മടക്കിക്കൊടുക്കുവാൻ ഗവൺമെൻറ് ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly